**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ ഗവേർണിംഗ് ബോഡി ശ്രീമതി. ടിങ്കുബിസ്വാളിന്റെ അദ്ധ്യക്ഷതയിൽ സെക്രട്ടറിയേറ്റിലെ വാട്ടർറിസോഴ്സ് സെക്രട്ടറിയുടെ മുറിയിൽ 10.08.2018-ന് 2 മണിക്ക് ചേർന്ന 5-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനുട്ട്സ്.**

- യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക അന്യത്ര ചേർക്കുന്നു.

യോഗത്തിൽ കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

4-ാമത് ഗവേർണിംഗ് ബോഡി യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളിൽ സ്വീകരിച്ച തുടർ നടപടികൾ വായിച്ച് അംഗീകരിച്ചു. പ്രസ്തുത അജണ്ടയിൽ സ്വീകരിക്കേണ്ടുന്ന തുടർനടപടികൾ താഴെ കൊടുത്തിരിക്കും വിധം തീരുമാനിച്ചു.

| **അജണ്ടകൾ** | **തീരുമാനങ്ങൾ** |
|---|---|
| **അജണ്ട നമ്പർ 1**<br>**23.01.2018-ൽ ചേർന്ന 4-ാമത് ഗവേർണിംഗ് ബോഡി യോഗത്തിൽ കൈകൊണ്ട തീരുമാനങ്ങളിൽ സ്വീകരിച്ച തുടർ നടപടികൾ.**<br>സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഗവേർണിംഗ് ബോഡിയുടെ മൂന്നാമത് യോഗത്തിന്റെ മിനിട്ട്സിൽ കൈക്കൊണ്ട നടപടികൾ വായിച്ച് ഓരോന്നായി അംഗീകരിച്ചു. കേന്ദ്ര സർക്കാർ SOP-യുടെ കരട്, അംഗങ്ങൾക്കിടയിൽ വിതരണം ചെയ്ത ശേഷം അച്ചടിക്കാമെന്ന് തീരുമാനിച്ചു. | **തീരുമാനം നമ്പർ(1)**<br>കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ പുതിയ മാർഗ്ഗരേഖ പിൻതുടരാനും 2500 പതിപ്പുകൾ (മലയാള തർജ്ജമ) അച്ചടിച്ച് വിതരണം ചെയ്യുന്നതിനും തീരുമാനിച്ചു. |
| **അജണ്ട നമ്പർ (2)**<br>**26.4.2018- ന് ചേർന്ന രണ്ടാമത് എക്സിക്യൂട്ടീവ് കമ്മറ്റി മീറ്റിംഗിൽ എടുത്ത തീരുമാനങ്ങളിൽ ഗവേർണിംഗ് ബോഡികൂടി അംഗീകാരം നൽകിയവ ചുവടെ ചേർക്കുന്നു.**<br>2(i) ഗവേർണിംഗ് ബോഡി അംഗങ്ങളുടെ ഓണറേറിയം, സിറ്റിംഗ് ഫീ, യാത്രാപ്പടി എന്നിവ തീരുമാനിക്കുന്നതിനായി ഗവേർണിംഗ് ബോഡി അംഗങ്ങളുമായി ആലോചിച്ച് പ്രൊപ്പോസൽ തയ്യാറാക്കുവാൻ തീരുമാനിച്ചു. | **തീരുമാനം (2)**<br>ഗവേർണിംഗ് ബോഡി/എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളുടെ ഓണറേറിയം, സിറ്റിംഗ് ഫീ, യാത്രാപ്പടി, എന്നിവ സംസ്ഥാന തൊഴിലുറപ്പ് മിഷനിലെ SEGC/GB/Ex.Committee അംഗങ്ങൾക്ക് നൽകുന്ന അതേ മാനദണ്ഡത്തിലും നിരക്കിലും നൽകാമെന്ന് സർക്കാർ നിർദ്ദേശം അംഗീകരിച്ചു. ഇതിനായി 2nd AC യാത്രാകൂലിയും 500/- രൂപ സിറ്റിംഗ് ഫീസും നൽകാൻ തീരുമാനിച്ചു. |

| | |
|---|---|
| **അജണ്ട 2(ii)**<br>BRP-മാർക്ക് 10,000/-രൂപാ വേതനവും 2,000/രൂപാ യാത്രാപ്പടിയും ചേർത്ത് ആകെ സമാകൃതമായി 12,000/- രൂപയും VRP- പ്രതി ദിനം 350/-രൂപയും അനുവദിക്കുന്നതാണെന്നും തീരുമാനിച്ചു. ടി വിവരം ഗവേർണിംഗ് ബോഡിയുടെ കൂടി അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി. | **തീരുമാനംനമ്പർ 2(i)** അംഗീകരിച്ചു. |
| **അജണ്ട നമ്പർ 2(iii)**<br>സോഷ്യൽ ഓഡിറ്റ് ശില്പശാല കഴിയുന്നതും ജൂണിലോ, ജൂലൈയിലോ മാസങ്ങൾക്കുള്ളിൽ, ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ബി.പി.ഒ., ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി, തൊഴിലുറപ്പ് എഞ്ചിനീയർ/ഓവർസിയർ എന്നിവരെയും സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഗവേർണിംഗ് ബോഡി അംഗങ്ങളെയും ഉൾപ്പെടുത്തി നടത്തുന്നതിന് തീരുമാനിച്ചു. | **തീരുമാനം 2(ii)** ശില്പശാലകൾ സെപ്തംബർ മാസത്തിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചു. |
| **അജണ്ട നമ്പർ 3**<br>പരീക്ഷണ സോഷ്യൽ ഓഡിറ്റ് നടത്തിയതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ | **തീരുമാനം 3(i)**<br>Time & Motion study –യുടെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ സർക്കാർ അംഗീകാരത്തോടെ എത്രയും വേഗം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ത.സ്വ.ഭ.വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചു. ആയത് മിഷൻ ഡയറക്ടറുടെയും ത.സ്വ.ഭ.വ.സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്താനും ഡയറക്ടറെ ചുമതലപ്പെടുത്തി. ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളും ഫലപ്രദമായി നടക്കുന്നില്ലായെന്നും പ്രവൃത്തികളുടെ മേൽനോട്ടവും പരിശോധനയും തികച്ചും അപര്യാപ്തവുമാണെന്നും യോഗം വിലയിരുത്തി. |
| **അജണ്ട നമ്പർ 3(i)**<br>ഭാവിയിൽ യഥാർത്ഥ സോഷ്യൽ ഓഡിറ്റ് ആരംഭിക്കുമ്പോൾ, പരീക്ഷണ സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണം കൂടുതൽ ഫലപ്ര | **തീരുമാനം.3(ii)** പരീക്ഷണ സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് മിഷൻ ഡയറക്ടർക്ക് |

| | |
|---|---|
| ദമായും മെച്ചപ്പെട്ട രീതിയിലും നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന സർക്കാരിനോടും നിർവ്വഹണ ഏജൻസിയോടും (MGNREGA State Mission) അഭ്യർത്ഥിക്കാവുന്നതാണ്. | കത്ത് നൽകുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി. |
| **അജണ്ട നമ്പർ 4**<br>ജില്ലാ/ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ അന്തിമ തെരഞ്ഞെടുപ്പ് സംബന്ധിച്ച് | **തീരുമാനം 4**<br>അന്തിമ ലിസ്റ്റ് അംഗീകരിച്ചു. പരിശീലനം അടിയന്തിരമായി നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി. |
| **അജണ്ട നമ്പർ 5**<br>**സോഷ്യൽ ഓഡിറ്റ് സൊസൈറ്റിക്ക് സ്വരാജ് ഭവനിൽ ഓഫീസ് സ്ഥലം സർക്കാരിൽ നിന്നും അനുവദിക്കാത്തതിനാൽ ഓഫീസ് സ്ഥലം വാടകയ്ക്ക് എടുത്ത് മാറുന്നതിനുള്ള അംഗീകാരം സംബന്ധിച്ച്.** | **തീരുമാനം 5 അംഗീകരിച്ചു.**<br>സൊസൈറ്റിയുടെ തുടർപ്രവർത്തനത്തിന് അനുയോജ്യമായ ഓഫീസ് സംവിധാനം അത്യന്താപേക്ഷിതമായതിനാൽ ഓഫീസിനായുള്ള കെട്ടിട അന്വേഷണത്തിൽ ഏറ്റവും കുറഞ്ഞ നിരക്കായി ലഭിച്ച രൂപ.18/-, ഒരു ചതുരശ്രയടിക്ക്, എന്ന നിരക്കിൽ പാളയം എൽ.എം.എസ് കോംപൗണ്ടിലുള്ള സി.എസ്.ഐ-വക കെട്ടിട സമുച്ചയത്തിലെ 2-ാം നിലയിൽ 1000 ചതുരശ്രയടി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തേക്ക് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (SAU) ഓഫീസ് എത്രയും പെട്ടെന്ന് മാറുന്നതിന് അംഗീകാരം നൽകി. തുടർനടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി. |
| **അജണ്ട നമ്പർ 6**<br>ഓഫീസ് സംവിധാനം ഒരുക്കുന്നത് സംബന്ധിച്ച് | **തീരുമാനം 6 അംഗീകരിച്ചു.**<br>പാളയം എൽ.എം.എസ് കോംപൗണ്ടിലുള്ള സി.എസ്.ഐ-വക കെട്ടിട സമുച്ചയത്തിലേക്ക് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (SAU) ഓഫീസ് സംവിധാനം ഒരുക്കുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയായ കോസ്റ്റ്ഫോർഡ് നൽകിയ പ്ലാനും ത.സ്വ.ഭ.വകുപ്പ് പിൻതുടരുന്ന PRICE Software പ്രകാരം തയ്യാറാക്കി നൽകിയ രൂപാ.16,30,000/-യ്ക്കുള്ള എസ്റ്റിമേറ്റും അംഗീകരിച്ച് അടിയന്തിര തുടർനടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി. |

| | |
|---|---|
| **അജണ്ട നമ്പർ 7**<br>ബഡ്ജറ്റ് അംഗീകാരം സംബന്ധിച്ച് | **തീരുമാനം 7**<br>കേന്ദ്രസർക്കാർ 18.01.2018-ലെ F.No.M-11014/04/2017-MGNREGA(REIII)356110. Sl.No.200<br>കേന്ദ്രസർക്കാർ 18.01.2018-ലെ F.No.M-11014/04/2017-MGNREGA(REIII)356110. Sl.No.200 പ്രകാരം രൂപാ.4.1837/കോടിരൂപാ അനുവദിച്ചു. ആയത് ഒന്നാംഗഡുവായി കണക്കാക്കി തയ്യാറാക്കിയ ബഡ്ജറ്റ് 26.4.2018-ൽ ചേർന്ന എക്സിക്യൂട്ടീവ് 5.1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിരുന്നു. ആയതിൻ മേൽ, പുതിയ ഓഫീസ് സംവിധാനത്തിനുള്ള വാടകയും ഓഫീസ് സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പണവും ഉൾപ്പെടുത്തിയ<br>രൂപാ 8,40,67,040/-നുള്ള ബഡ്ജറ്റ് തത്വത്തിൽ അംഗീകരിച്ചു തീരുമാനിക്കുകയും എല്ലാ അംഗങ്ങൾക്കും പിന്നാലെ നൽകുന്നതിനും തീരുമാനിച്ചു. |
| **അജണ്ട നമ്പർ 8**<br>വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം(30.7.2018 വരെയുള്ള കണക്ക്) | **തീരുമാനം 8 -അംഗീകരിച്ചു.** |
| **അജണ്ട നമ്പർ 9**<br>ഓഫീസ് മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് | **തീരുമാനം 9(i)**-അക്കൗണ്ട്സ് ആഫീസർ/അക്കൗണ്ടന്റ് മറ്റ് മിനിസ്റ്റീരിയൽ ജീവനക്കാർ എന്നിവരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പത്രപ്പരസ്യം നൽകി തുടർനിയമന നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.<br>**തീരുമാനം 9(ii)**-മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് സമാന തസ്തികയിൽ സർക്കാർ നൽകുന്ന വേതനം നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി കൈക്കൊണ്ട തീരുമാനം ഗവേർണിംഗ് ബോഡികൂടി അംഗീകരിച്ചു. |
| **അജണ്ട നമ്പർ 10**<br>ശ്രീ.പുതുശ്ശേരി ശ്രീനിവാസനെ സ്റ്റേറ്റ് റിസോഴ്സ് പേഴ്സണായി നിയമിച്ചത് സംബന്ധിച്ച് | **തീരുമാനം 10 അംഗീകരിച്ചു.** |

| | |
|---|---|
| **അജണ്ട നമ്പർ 11**<br>ചെയർമാൻ അനുവദിക്കുന്ന ഇതരവിഷയങ്ങൾ | **തീരുമാനം 11**– പരിശീലനം ആരംഭിച്ചതിനുശേഷം ജില്ലകളുടെ ഭൂപ്രകൃതിയും വ്യാപ്തിയും കണക്കിലെടുത്ത് അധിക DRP-മാരെ നിയമിക്കുന്ന കാര്യം പിന്നീട് തീരുമാനിക്കാവുന്നതാണെന്ന് തീരുമാനിച്ചു. |

യോഗം 3 മണിക്ക് അവസാനിച്ചു.

13/8/18

ഡയറക്ടർ

ടിങ്കു ബിസ്വാൾ, ഐ.എ.എസ്.
സെക്രട്ടറി, ജലവിഭവവകുപ്പ്
&
ചെയർപേഴ്സൺ
(ഗവേർണിംഗ് ബോഡി)

യോഗാദ്ധ്യക്ഷയെ കൂടാതെ യോഗത്തിൽ പങ്കെടുത്തവർ

1. ശ്രീ.സി.കെ.ഹരീന്ദ്രൻ, എം.എൽ.എ. പാറശ്ശാല
2. ശ്രീ.രാജേന്ദ്രൻ, വൈസ് ചെയർപേഴ്സൺ, ഗവേർണിംഗ് ബോഡി
3. ശ്രീമതി. ഗിരിജ സുരേന്ദ്രൻ, മുൻ.എം.എൽ.എ.
4. ശ്രീമതി. തങ്കം ടീച്ചർ, മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്
5. ഡോ. എബിജോർജ്ജ്, ഡയറക്ടർ, (എസ്.എ.യു.)

SDS 13/8/18.

13/8/18